'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ല - മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി.കെ. കേശവയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1537/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/07/2019**

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്)-ന്റെ 25.11.2015-ലെ സി.ടി.പി.(വിജി)531/2015 നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 29.08.2017-ലെ ഡി9-13051/2016 നമ്പർ കുറ്റാരോപണ മെമ്മോ

3 പഞ്ചായത്ത് ഡയറക്ടറുടെ 12.07.2018-ലെ ഡി9-13051/2016 നമ്പർ നടപടിക്രമങ്ങൾ

4 സർക്കാരിന്റെ 13.03.2019-ലെ ഇപിബി3/66/2016/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

5 ശ്രീ. ബി.കെ. കേശവ സമർപ്പിച്ച 08.05.2019-ലെ പ്രതിവാദ പത്രിക

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി ഗ്രാമപഞ്ചായത്തിൽ 02.07.2015-ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി പരാമർശം ( 1 ) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി. തുടർന്ന് മംഗൽപ്പാടി വില്ലേജിലെ സർവ്വേ 129/5 pt, 129/6 pt എന്നിവയിൽ ഉൾപ്പെട്ട സ്ഥലത്ത് ബി2-387/10-11 നമ്പർ പെർമിറ്റ് പ്രകാരമുള്ള നിർമ്മാണത്തിന് ചട്ടലംഘനത്തോടുകൂടി പെർമിറ്റ് അനുവദിച്ചതും, ചട്ടലംഘനത്തോടുകൂടി നമ്പർ അനുവദിച്ചതുമായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ക്രമക്കേടുകൾക്കുത്തരവാദികളായ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി.കെ. കേശവക്കെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. എന്നാൽ പഞ്ചായത്ത് ഡയറക്ടർ കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചു വരവേ ശ്രീ. ബി.കെ. കേശവ 30.12.2017-ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവന്ന അച്ചടക്ക നടപടി പരാമർശം (3) പ്രകാരം അവസാനിപ്പിച്ച് ശ്രീ. ബി.കെ. കേശവയ്ക്കെതിരെ സർക്കാർ തലത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ ശുപാർശ ചെയ്യുകയുണ്ടായി.

തുടർന്ന് ശ്രീ. ബി.കെ. കേശവ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. ബി.കെ. കേശവയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയും കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ബി.കെ. കേശവ പരാമർശം (5) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം ശ്രീ. ബി.കെ. കേശവയുടെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേയ്ക്ക് കുറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ശ്രീ. ബി.കെ. കേശവയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി.കെ. കേശവയ്ക്കെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ, അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

   (പരാമർശം (1) - (5) എന്നിവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ബി.കെ. കേശവ, മുൻ സെക്രട്ടറി, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പ്രസിഡന്റ്/സെക്രട്ടറി, മംഗൽപ്പാടി ഗ്രാമപഞ്ചായത്ത്

6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

7. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/66/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Sudheer SS

സെക്ഷൻ ഓഫീസർ